


# sketch

## Degital Magazine

Vallapuzha Higher Secondary School
Vallapuzha PO, Palakkad Dt.

# സമർപ്പണം





വല്ലപ്പുഴ ഹയർ സെക്കണ്ടറി സ്കൂളിൻെറ
സ്ഥാപക മാനേജറും ദീർഘകാലം
പ്രഥമ അധ്യാപകനുമായി വല്ലപ്പുഴ ഗ്രാമത്തിന്
വിജ്ഞാനത്തിൻെറ വെള്ളിവെളിച്ചം പകർന്നു തന്ന
ശ്രീ. കെ.വി. രാധാകൃഷ്ണൻ മാസ്റ്ററുടെ
സ്മരണക്കുമുന്നിൽ....!!!



## മുഖമൊഴി

വല്ലപ്പുഴ ഹയർ സെക്കണ്ടറി സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്
പുറത്തിറക്കുന്ന സ്കെച്ച് ഡിജിറ്റൽ മാഗസിൻ കുറഞ്ഞ
സമയപരിമിതിക്കുള്ളിൽ തയ്യാറാക്കിയതാണ്.

ഈ അധ്യായനവർഷം സ്കൂളിൻ നടന്ന പ്രധാന
പ്രവർത്തനങ്ങളും വിദ്യാർഥികളുടെ ചില രചനകളും
ഉൾകൊള്ളിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.
വിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിൻെറ ഭാഗമായി
വിദ്യാലയാന്തരീക്ഷത്തിലുണ്ടായ പുത്തനുണർവുകളെ
സ്കെച്ചിൽ വരച്ചു ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്.

ഞങ്ങളുടെ കുറവുകളും പോരായ്മകളും
ചൂണ്ടിക്കാണിക്കുവാനും മികവുകളെ
പ്രോത്സാഹിപ്പിക്കാവാനും നിങ്ങൾക്കാവും എന്ന
പ്രതീക്ഷയിൽ ഇതിവിടെ സമർപ്പിക്കട്ടെ...!

-

എഡിറ്റർ

# സ്മരണാഞ്ജലി...

വല്ലപ്പുഴ ഹയർ സെക്കണ്ടറി
സ്ക്കൂളിന്റെ മാനേജരായിരുന്ന
ശ്രീമതി. കനകലത ആർ
നായരുടെ ഓർമകൾക്കുമുന്നിൽ
പ്രാണാമം...!!




## സന്ദേശം

വല്ലപ്പുഴ ഹയർ സെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പുറത്തിറക്കുന്ന സ്കെച്ച് ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗാത്കതയെ കൃത്യമായി അടയാളപ്പെടുത്തുന്നു. മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

മരയ്ക്കാർ മുത്തു.
(പി.ടി.എ പ്രസിഡൻറ്, വല്ലപ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ)

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പുറത്തിറക്കുന്ന സ്കെച്ച് ഡിജിറ്റൽ മാഗസിൻ നല്ലൊരു ഉദ്യമമാണ്. എല്ലാ വിധ ആശംസകളും നേരുന്നു.

വി.എൻ. പ്രസാദ്
(മാനേജർ, വല്ലപ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ)

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പുറത്തിറക്കുന്ന സ്കെച്ച് ഡിജിറ്റൽ മാഗസിൻ എല്ലാ വിധ ആശംസകളും നേരുന്നു. ഇതിനു വേണ്ടി പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

സുജാത ആർ (പ്രിൻസിപ്പാൾ)

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പുറത്തിറക്കുന്ന സ്കെച്ച് ഡിജിറ്റൽ മാഗസിൻ ഈ വർഷം വിദ്യാലയത്തിൽ നടന്ന പാഠ്യ പാഠ്യേതര രംഗത്തെ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.
ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

സുന്ദരൻ. പി (ഹെഡ്മാസ്റ്റർ)



# എൻെറ വിദ്യാലയം

പാവക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലാണ് എൻറെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ശ്രീ. കെ.വി. രാധാകൃഷ്ണൻ മാസ്റ്ററാണ് ഈ വിദ്യാലയം 1950ൽ ആരംഭിച്ചത്.

ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിലെ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണിത്. 5 മുതൽ പ്ലസ് ടൂ വരെ ക്ലാസുകളിലായി 3500 ലധികം കുട്ടികൾ പഠിക്കുന്നുണ്ട്. ഈ അദ്ധ്യയന വർഷം 823 കുട്ടികളാണ് എസ്. എസ്.എൽ. സി പരീക്ഷ എഴുതുന്നത്.

പാഠ്യ-പാഠ്യേതര മേഖലകളിൽ വളരെ മികച്ച നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.







കലോത്സവ വേദികളിലൂടെ..........







ഷൊർണ്ണൂർ സബ് ജില്ലാ കലോത്സവ ലോഗോ പ്രാകാശനം







കലോത്സ വേദികളിലൂടെ.......





## കായിക മേള

വല്ലപ്പുഴ ഹയർ സെക്കണ്ടറി സ്കൂളിലെ കായിക മേള രണ്ടു ദിവസങ്ങളിലായിട്ടാണ് ഈ അദ്ധ്യയന വർഷം നടന്നത്. നാലു ഹൗസുകളിലായി നടന്ന മേള വാശിയേറിയ മത്സരങ്ങൾക്ക് വേദിയായി.



കായിക മേളക്കു നേതൃത്വം നൽകി അദ്ധ്യാപകർ.....




ഫുട്ബാളിൽ ജില്ലാ ചാമ്പ്യൻമാരായ വല്ലപ്പുഴ ഹയർ
സെക്കണ്ടറി സ്കൂൾ ടീം




വല്ലപ്പുഴ ഹയർ സെക്കണ്ടറി സ്ക്കൂളിന്
വേണ്ടി ജില്ലാ തല ചാമ്പ്യൻമാരായ
ക്രക്കറ്റ് ടീം അംഗങ്ങൾ




ലോക കപ്പ് ഫുട് ബോൾ മത്സ പ്രവചന മത്സരത്തിന്

നൂറുകണക്കിന് വിദ്യാർത്ഥികൾ പങ്കെടുത്തു.






രാജ്യ സഭ എം. പി. ശ്രീ. സുരേഷ് ഗോപിയുടെ ഫണ്ടിൽ നിന്നും
അനുവദിച്ച ടോയിലറ്റ് കോംപ്ലക്സിൻറെ ഉദ്ഘാടന ചടങ്ങിൽ നിന്നും.....





രാജ്യ സഭ എം. പി. ശ്രീ. സുരേഷ് ഗോപിയുടെ ഫണ്ടിൽ നിന്നും
അനുവദിച്ച ടോയിലറ്റ് കോംപ്ലക്സിൻറെ ഉദ്ഘാടന ചടങ്ങിൽ നിന്നും.....

ശ്രീ. സുരേഷ് ഗോപി എം.പി യുടെ വികസന ഫണ്ടു ഉപയോഗിച്ചു
നിർമ്മിച്ച ടോയിലറ്റ് കോംപ്ലക്സ്







കവിത

## ഉണർത്തുപ്പാട്ട്



അച്ചുകുടങ്ങൾ തേങ്ങുകയാണ്
അർധരാത്രിയിൽ പിറന്ന നാടിൻ
അരുമ സന്താനത്തിനെന്തു പറ്റി ?
അടിയറവു വെക്കാത്ത ആത്മാഭിമാനം
ആഴിയിലലിഞ്ഞു തീർന്നോ ?
വകുപ്പില്ലാ വകുപ്പുകളിൽ മുങ്ങി -
ത്താഴമ്പോൾ പ്രളയമേ നീയെത്ര കനിവുള്ളവൾ !
ഓണമുണ്ട മാവേലി മനം നിറഞ്ഞ്
തിരിച്ചു പോയത്രെ
തൻ നാടിനോളം ഐക്യമില്ല മറ്റൊരിടത്തും -
ശാന്തതയായിരുന്നത്............
ആയിരം നിഗൂഢതകളേറിയത്
ഭ്രാന്താലയമെന്ന വാക്കുകൾ നമിക്കട്ടെ
നിരത്തിൽ വില്ലുവണ്ടികളുരുളാറായ്
പ്രാണനുണ്ടേൽ പട്ടേൽ പ്രതിമയും
പട്ടിണിപ്പാവങ്ങളെ കാണാതിരിക്കില്ലെ -
ന്നന്തിച്ചർച്ച കൊഴുക്കുമ്പോൾ...........
പ്രതിമ വിനോദ വികസനമെന്ന്
മറ്റൊരു വിദ്വാൻ !
കർണങ്ങളേ കൊട്ടിയടക്കൂ...........
നീതി ദേവത പോൽ മിഴി പൂട്ടിയിരിപ്പൂ
ആ ഭ്രമണപഥത്തിലൂടെ തെന്നാതെ നീങ്ങാം....
ഒടുക്കം..........
മൂന്നാംനാൾ ഉയർത്തെഴുന്നേൽക്കാം
അവിടെ സൗമ്യയാം പ്രകൃതി
നിർഭയയാകാതിരിക്കട്ടെ........
കുങ്കുമപ്പൂവുകൾ പാദസ്പർശനത്താൽ
ചതഞ്ഞരഞ്ഞ് ധരിത്രിതൻ മാറിലലിയാതിരിക്കട്ടെ.
യന്ത്രക്കൈകളാൽ മാറുകീറിയയമ്മമാർക്ക്
ചരമഗീതങ്ങൾ മുഴങ്ങാതിരിക്കട്ടെ......
നടതള്ളിയ ജന്മങ്ങൾ വീണ്ടെടുക്കുന്ന
മുഖംമൂടികൾ അഴിഞ്ഞ് വീഴട്ടെ.......
തൂലികത്തുമ്പിലെ മഷിപ്പടർപ്പുകൾ
വറ്റാതിരിക്കട്ടെ. ഒരുമതൻ ഗീതത്താൽ തുഞ്ചന്റെ
കിളിയും വഞ്ചിപ്പാട്ടും ആനന്ദനിർവൃതി പുണരട്ടെ........
ഇതെന്റെ ലോകം.......ഞാൻ കണ്ട സ്വപ്നം
ഇതെൻ ജനനിക്കൊരുണർത്തു പാട്ട്.

- ഫിദ ഫാത്തിമ.വി.പി 10 M

കവിത

## എന്റെ അനുഭവഭൂമി

അമ്മയായ് വാഴുന്ന ഭൂമി
അക്കങ്ങളില്ലാത്ത അക്ഷരമില്ലാത്ത -
മക്കൾ നമ്മൾ അക്ഷരമില്ലാത്ത മക്കൾ
ഒരു പോലെ വാഴേണ്ട നമ്മൾ-
തമ്മിലടിയാ......ഇന്ന് തമ്മിലടിയാ



ഭൂമിക്ക് താങ്ങായ് നിൽക്കേണ്ട നമ്മൾ
ഭൂമിയെ തന്നെ അടിച്ചമർത്തി.............
ഭൂമിയെ തന്നെ അടിച്ചമർത്തി.............
നമ്മുടെ ലോകം നാം തന്നെ സൃഷ്ടിച്ചു -
അതിനെ നാം തന്നെ നശിപ്പിച്ചു.

അലങ്കാരമില്ലാത്ത ഭൂമിയെ കാണാൻ
ഒരുപാട് ഞാനിന്ന് കൊതിച്ചുപോയി
ജാതിയായ് മതമായ് തമ്മിലടിയായ്
കൊല്ലുംകുലയുമായ് നമ്മളിന്ന്
ഇവിടെ നാമൊരു പോലെ വസിച്ചുവെങ്കിൽ
എൻ ഭൂമി എന്തു മനോഹരം
എൻ ഭൂമി എന്തു മനോഹരം
എന്റെ അനുഭവ ഭൂമി.

അൻഷിദ.കെ.ട്ടി - 7 I

## കവിത

## വെള്ളപ്പൊക്കം



വെള്ളപ്പൊക്കം നാട്ടിൽ വന്നേ
വെള്ളപ്പൊക്കം നാട്ടിൽ വന്നേ
എൻ നാടിനെ കൈയ്യിലെടുത്ത പ്രളയം
എൻ മനസ്സിനെ വാഴ്ത്തുകുന്ന
എന്റെ മനസ്സിലെ സ്നേഹങ്ങളെല്ലാം -
ഓർക്കുന്നതിപ്പോൾ
ജനങ്ങളെല്ലാം മരണപ്പെടുന്നതും
മഴ വന്നതും എന്നെ രക്ഷിച്ച വീട് ഇപ്പോളിതാ -
മുങ്ങീടുന്ന
ഞാൻ കളിച്ച വളർന്ന എന്റെ തിരുമുറ്റം -
ഇപ്പോളിതാ നശിക്കുന്നു
കൊടും കാറ്റു വീശി മണ്ണിടിഞ്ഞു
ഓടിക്കോ ഓടിക്കോ ചേട്ടന്മാരേ ചേച്ചിമാരേ
ഓടിക്കോ ക്യാമ്പിലേക്ക് ഓടിക്കോ
അയ്യോ അയ്യോ ഇടുക്കി ഡാം തുറന്നല്ലോ
ഓടിക്കോ ഓടിക്കോ ക്യാമ്പിലേക്ക് ഓടിക്കോ
നാട്ടുകാരേ നാട്ടുകാരേ നമ്മുടെ നാട്ടിൽ വെള്ളം കയറി
നാട്ടുകാരേ വീട്ടുകാരേ വാ നമുക്ക് ഒത്തുകൂടാം
ദൈവമേ ദൈവമേ രക്ഷിക്കു ഞങ്ങളെ
അയ്യോ അയ്യോ വെള്ളം വന്നേ
എന്റെ നാട്ടിൽ വെള്ളം വന്നേ
നാട്ടുകാർ ഓടി കേട്ടവരെല്ലാം ക്യാമ്പിലേക്കോടി
പേടിക്കണ്ട പേടിക്കണ്ട ദാ വരുന്ന,നമ്മുടെ സ്വന്തം

ഹെലികോപ്റ്റർ
എന്റെ വീട് ആകെ നശിച്ച
എന്റെ അച്ഛന്റെ സമ്പാദ്യങ്ങളെല്ലാം നശിച്ച
മരിച്ചവരുടെ കുടുംബം ദുരിതാശ്വാസത്തിലായി
ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആരംഭിച്ച
വിശക്കുന്നേ വിശക്കുന്നേ കഴിക്കാൻ പഴം മാത്രം
പ്രളയം കഴിഞ്ഞു ഞാൻ വീട്ടിലെത്തി
വീടാകെ ചളിയിലായി
വൃത്തിയാക്കാനാളില്ല , വൃത്തിയാക്കാനാളില്ല
എന്റെ വീട് ഞാൻ വൃത്തിയാക്കും
എന്റെ വീടിന്റെ ജോലി എന്റേതു മാത്രം
വെള്ളപ്പൊക്കം നാട്ടിൽ വന്നു കഴിഞ്ഞല്ലോ
വെള്ളപ്പൊക്കം നാട്ടിൽ വന്നു കഴിഞ്ഞല്ലോ

ഉത്ര.എം 6 A



കവിത

## എന്റെ ബാല്യകാലം

എന്നും എന്നും തെളിയുന്നതെൻ മനസ്സിൽ
ആ നല്ല കാലമെൻ ബാല്യകാലം
നഷ്ടമായൊരെൻ ബാല്യകാലം

പൊട്ടിച്ചിരികളും കളികളും ചെറുപിണങ്ങലും മാത്രമായു -
ള്ളൊരാ ബാല്യകാലം
വായിക്കാനറിയില്ല എഴുതാനുമറിയില്ല അന്നെനിക്ക്
ഓർക്കുന്നു ഞാൻ എന്നെ ഞാനാക്കിയ
വിദ്യ പഠിപ്പിച്ച ആ നല്ല കാലം

ആ നല്ല കാലത്തെ ഓരോ ഓർമ്മയും ഇന്നേരം തെളിയു -
ന്നിതാ എൻ മനസ്സിൽ
മിണ്ടാൻ അറിയാത്ത കാലം മുതൽ എന്റെ ഗുരു അമ്മയല്ലോ
എന്റെ മനസ്സിലെ ഓരോ ഓർമ്മയും പങ്കു വെക്കുന്ന എൻ അമ്മയോട്
ഉപ്പും മുളകുമായ് ചേർത്ത് ആ മാങ്ങ കഴിച്ചത് ഓർമ്മയായി
കൂട്ടുകാരോടൊപ്പം കൂട്ടുകൂടി കളിച്ചു രസിച്ചത് ഓർമ്മയായി

എന്നോടൊന്നും മിണ്ടാതെ , എന്നോടൊന്നും പറയാതെ
മാഞ്ഞുപോയൊരെൻ ബാല്യകാലം

ഇന്നോർക്കുന്നിതാ ആ നല്ല കാലം എൻ ബാല്യകാലം.

കവിത

## മഴ വരുന്നേ

മഴ വരുന്നു   പെയ്തിറങ്ങും
കുളിർകാറ്റു വീശും നേരമിതിപ്പോൾ
മഴ വന്നേ  മഴ വന്നേ
പെയ്തു  തുടങ്ങി
പെയ്തു  തുടങ്ങി
ഹായ് ഹായ് ഹായ് ഹായ് എന്തു രസം
ഞാൻ കളിച്ചു മഴയത്ത്
അമ്മ വന്നേ    ഓടിക്കോ   ഓടിക്കോ
ഓടി  ഓടി  ഞാൻ  എത്തി
അച്ഛന്റെ മുമ്പിൽ എത്തി
അച്ഛൻ എന്നെ ചീത്ത പറഞ്ഞു
പിറ്റെ ദിവസം പനി വന്നേ
പനി വന്നേ    പനി വന്നേ
അച്ഛനും അമ്മയും ജോലിക്കു പോയി
ഞാൻ വീട്ടിൽ ഒറ്റക്കായി
പിന്നെയും അപ്പോൾ മഴക്കാറ് വന്നേ
വീണ്ടും ഞാൻ കളിച്ചേ മഴയത്ത്
മിന്നൽ വന്നേ    ഓടിക്കോ   ഓടിക്കോ
മിന്നൽ വന്നേ    ഓടിക്കോ   ഓടിക്കോ
അയ്യോ  അയ്യോ  പൊട്ടുന്നേ
അയ്യോ  അയ്യോ  പൊട്ടുന്നേ
കട പട ചട പട  പൊട്ടുന്നേ
കൊടും പനി വന്നേ
കൊടും പനി വന്നേ
കിടക്കയിൽ നിന്ന് എഴുന്നേൽക്കാൻ വയ്യ
എഴുന്നേൽക്കാൻ വയ്യ
അമ്മ പറഞ്ഞത് ഇപ്പോൾ ഞാൻ
ഓർക്കുന്നു
ഞാൻ ഓർക്കുന്നു
അനുസരിക്കാതിരുന്നത് എന്റെ
തെറ്റാണ്
എന്റെ തെറ്റാണ്
കുറ്റബോധം ഇപ്പോൾ എനിക്ക്
തോന്നുന്നു
എനിക്ക് തോന്നുന്നു.



- ഉത്തര.എം 6 A

## പുസ്തക പരിചയം

## റിയാന്റെ കിണർ

### അബ്ദുള്ളക്കുട്ടി എടവണ്ണ

അബ്ദുള്ളക്കുട്ടി എടവണ്ണയുടെ പ്രശ-സ്തമായ ഒരു രചനയാണ് "റിയാന്റെ കിണർ" എ-ന്ന ജീവചരിത്രം.ജലത്തിനായി ഒറ്റക്കു പോരാടിയ ഒരു കുട്ടിയുടെ അസാധാരണ ജീവിത കഥയാണ് ഇതിലുള്ളത്.ഇതൊരു കഥയല്ല , കേട്ടുകഴിഞ്ഞാൽ
ഒരു പക്ഷേ കഥ പോലെ തോന്നാം.ഒരു കൊച്ചു -
ബാലൻ തന്റെ ഉത്ക്കടമായ ഇച്ഛാശക്തികൊണ്ടും മനസ്സിൽ നിറഞ്ഞുനിന്ന നന്മകൊണ്ടും വളർത്തി -
യെടുക്കുകയും ഇന്നും സജീവമായി നിലനിൽക്കു -
കയും ചെയ്യുന്ന ഒരു മഹാപ്രസ്ഥാനത്തിന്റെ വിജയ-
കഥയാണിത്.

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കി-ടെ നാം ഏവരും പലതരത്തിലുള്ള തിരക്കുകളിൽ കുടുങ്ങി ജീവിച്ചുപോകുമ്പോൾ ലോകത്തിന്റെ ഒരു മൂലയിലിരുന്ന് റിയാൻ തന്റെ ജീവിതത്തോടൊപ്പം കൊണ്ടുനടക്കുന്ന ത്യാഗത്തിന്റെ വിസ്മയ കഥ.നി-ഷ്കളങ്കമായ മനസ്സുള്ള കുട്ടിയാണ് റിയാൻ.സ്വന്തം ദൃഢനിശ്ചയത്തോടെ ആഫ്രിക്കയിലെ കുട്ടികൾക്ക് റിയാൻ കിണർ കുഴിച്ചുകൊടുക്കുന്നു.'കിണർ കുഴി -
ക്കുക'എന്നത് ഏതൊരാൾക്കും എളുപ്പമല്ലേ,അതി-ലെന്തിരിക്കുന്നു എന്നായിരിക്കും നമ്മുടെ ചിന്ത.
എന്നാൽ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയെ സംബന്ധിച്ച് അത് വളരെ പ്രയാസമാണ്. നാം ആരും അങ്ങനെ ചിന്തിക്കുക പോലുമില്ല.എന്നാൽ ഏവരുടെയും ആ ചിന്തയെ തിരുത്തിക്കൊണ്ട് റി-യാൻ എന്ന ആ കൊച്ചുബാലൻ ആഫ്രിക്കയിൽ കിണർ കുഴിക്കുക എന്ന ദൗത്യം ഏറ്റെടുത്തു. ഈ ലക്ഷ്യത്തിലേക്ക് അവനെ എത്തിച്ചത് ഒന്നാംക്ലാ-സ്സിൽ പഠിക്കുമ്പോൾ ടീച്ചർ പറഞ്ഞു കൊടുത്ത വാ
ക്കുകളാണ്.ആഫ്രിക്കയിലെ കുട്ടികളുടെ ദയനീയ അവസ്ഥ ടീച്ചർ വിവരിക്കുമ്പോൾ റിയാൻ എന്ന ആ കൊച്ചു ബാലന്റെ കുഞ്ഞുമനസ്സ് വേദനിക്കുക-യായിരുന്നു.ആഫ്രിക്കയിലെ കുട്ടികളുടെ നിസ്സഹാ-യതയും വെള്ളം കിട്ടാതെ കരയുന്ന മുഖങ്ങളും അ-വന്റെ മനസ്സിൽ ഉയർന്നു വന്നു.ആഫ്രിക്കയിൽ കി-ണർ കുഴിച്ചാൽ തന്നെപ്പോലെ തന്റെ കൂട്ടുകാർക്കും ആവശ്യത്തിന് വെള്ളം കിട്ടുമെന്ന് ആ കുഞ്ഞുമന-സ്സ് ആഗ്രഹിച്ചു.അവൻ അത് തന്റെ ലക്ഷ്യമായി ഏറ്റെടുത്തു.തന്റെ പ്രായത്തിലുള്ള കുട്ടികൾ വീഡി-യോ ഗെയിം കളിച്ചു നടക്കുമ്പോൾ റിയാൻ വീട്ടു - ജോലികളും മറ്റും ചെയ്ത് പണമുണ്ടാക്കി.ആഫ്രിക്ക-യിൽ കിണർ കുഴിക്കാൻ പണം വേണമെന്നറി - ഞ്ഞ റിയാൻ തളർന്നിരുന്നില്ല.അതിനു വേണ്ടി ക-ഠിനധ്വാനം ചെയ്തു. പല പ്രതിസന്ധികളും ഉണ്ടാ -
യെങ്കിലും റിയാൻ തന്റെ പരിശ്രമത്താൽ ആഫ്രി-ക്കയിലെ തന്റെ കൂട്ടുകാർക്കു വേണ്ടി ഒരു കിണർ കുഴിക്കുക തന്നെ ചെയ്തു.'ആഫ്രിക്കയിലെ കിണർ'

എന്ന ലക്ഷ്യമാണ് റിയാന് ജിമ്മി എന്ന സഹോ - ദരനായ സ്നേഹിതനെ നേടിക്കൊടുത്തത്."റിയാ-
ൻസ് വെൽ ഫൗണ്ടേഷൻ"(Ryan's well founda-tion) എന്ന സംഘടനയിലൂടെ റിയാൻ ഇന്നും വെ-ള്ളമില്ലാത്ത നാടുകൾക്ക് ഒരു കൈത്താങ്ങായി നിലനിൽക്കുന്നു.നിരവധി അംഗീകാരങ്ങളും ബ -
ഹുമതികളും റിയാനെ തേടിയെത്തി.ഒരു ഒന്നാം -
ക്ലാസ്സുകാരൻ ചില്ലറത്തുട്ടുകൾ സമാഹരിച്ച് തുടങ്ങി-യ സംരംഭം ലോകത്തിലെ തന്നെ മഹത്തായ സേ വന പ്രസ്ഥാനമായി വളർന്നു എന്ന ആവേശകര – മായ കഥ ഏതു പ്രായക്കാർക്കും പ്രചോദനം നൽ - കുമെന്നുറപ്പ്.ഒരു കൊച്ചു കുട്ടിയുടെ ചെറിയ പ്രവർ - ത്തികൾക്കു പോലും ലോകത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നതിന്റെ ജീവിക്കുന്ന സാക്ഷ്യപത്രമാണ് റിയാന്റെ കഥ.

റിയാന്റെ ഈ ജീവിത കഥ കുട്ടികളെ മാത്രമല്ല,ഏ- തു പ്രായക്കാരെയും കുറേക്കൂടി നല്ലവരാക്കി മാറ്റാൻ സഹായിക്കും എന്നുറപ്പ്.